പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 315 　　　　15.12.2014-ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി - ചുരുക്കപ്പേര് നിലനിർത്തൽ

**ചോദ്യം**

ശ്രീ. കെ.കെ. നാരായണൻ :
" ബി. സത്യൻ :
" രാജു എബ്രഹാം :
" കെ.വി. അബ്ദുൾ ഖാദർ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.ക്ക് അതിന്റെ വാണിജ്യ നാമം നിലനിർത്താൻ സാദ്ധ്യമാകാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വെളിപ്പെടുത്താമോ; | (എ) | 1965 മുതൽ കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (KSRTC) എന്ന് പേര് ഉപയോഗിച്ച് വരുന്നു. 1974 മുതൽ KSRTC എന്ന ചുരുക്കപ്പേര് കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും ഉപയോഗിച്ചു വരികയായിരുന്നു. എന്നാൽ കർണ്ണാടക റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ട്രേഡ്മാർക്ക് രജിസ്റ്ററിയിൽ KSRTC എന്ന ട്രേഡ് മാർക്കിന് അപേക്ഷ നല്കുകയും ആയത് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി കേന്ദ്ര വ്യവസായ വകുപ്പിന് കീഴിലുള്ള ട്രേഡ് മാർക്ക് രജിസ്ട്രിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇതേ പേരിൽ കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ട്രേഡ് മാർക്ക് രജിസ്ട്രിയിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതായി അറിയാമോ; | (സി) | പേര് രജിസ്റ്റർ ചെയ്തിട്ടുള്ളതായി അറിയാം. |
| (ഡി) | ഈ സാഹചര്യത്തിൽ കെ.എസ്. ആർ.ടി.സി അതിന്റെ ചുരുക്കപ്പേര് നില നിർത്തിക്കിട്ടാൻ എന്തു | (ഡി) | കെ.എസ്.ആർ.ടി.സി എന്ന ചുരുക്ക പദം കർണ്ണാടക റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ കോപ്പി റൈറ്റ് ഓഫീസിൽ രജിസ്റ്റർ |

| | | | |
|---|---|---|---|
| | ചെയ്യാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ? | | ചെയ്തതായിട്ട് ഡെപ്യൂട്ടി രജിസ്ട്രാർ ഓഫ് കോപ്പി റൈറ്റിന്റെ സർട്ടിഫിക്കറ്റുകളുടെ കോപ്പി സഹിതം 15.11.2014-ൽ ആണ് കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക്, കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എം.ഡി. അയച്ചു നൽകിയിട്ടുള്ളത്. കോപ്പി റൈറ്റിനും, ട്രേഡ് മാർക്കിനുമായി കർണ്ണാടക സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ അപേക്ഷിച്ചപ്പോൾ കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനെ എതിർ കക്ഷിയാക്കിയിരുന്നില്ല. ഇപ്പോൾ അപ്പീൽ സമയ പരിധിക്കുള്ളിൽ ആയതിനാൽ ടി വ്യവസ്ഥ പ്രകാരം വിശദാംശങ്ങൾ ശേഖരിച്ച് അപ്പീൽ ഫയൽ ചെയ്തു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ